## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2837

13.03.2018 – ൽ
മറുപടിയ്ക്ക്

### മേൻമയേറിയ നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| മേൻമയേറിയ നടീൽ വസ്തുക്കൾ ഉത്പ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നു വ്യക്തമാക്കുമോ? | സർക്കാർ ഉടമസ്ഥതയിലുള്ള കാർഷിക സ്ഥാപനങ്ങളായ കൃഷി ഫാമുകളിൽ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8 തെങ്ങിൻ തൈ നഴ്സറികൾ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിവയിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു.<br>തെങ്ങിൻതൈ നഴ്സറികൾ മുഖേന ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻതൈകളും, പച്ചക്കറി വിത്തുകളും. പച്ചക്കറിതൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. സ്പെഷ്യൽ ഫാമുകൾ വഴിയും, ജില്ലാ ഫാമുകൾ വഴിയും ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും മേൽത്തരം വേരുപിടിപ്പിച്ച കുരുമുളക വള്ളികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, അലങ്കാരതൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, ജില്ലാകൃഷിത്തോട്ടം, തളിപ്പറമ്പ്, ജില്ലാകൃഷിത്തോട്ടം, അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യൂകൾച്ചർ വാഴതൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നു.<br>കൂടാതെ കേരള കാർഷിക സർവ്വകലാശാല വിവിധ കേന്ദ്രങ്ങളിൽ മേന്മയേറിയ നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിന്റെ നടുക്കര നഴ്സറിയിൽ ആരംഭിച്ച കേരളത്തിലെ ആദ്യത്തെ പൂർണ്ണമായ ഓട്ടോമാറ്റിക്കായ പ്ലഗ്ഗ് നഴ്സറിയിലൂടെ പ്രതിവർഷം 2 കോടി ഗുണമേന്മയുള്ള പച്ചക്കറിതൈകൾ ഉത്പാദിപ്പിക്കുവാൻ കഴിയും. ഈ നഴ്സറിയുടെ ഉത്പാദനം ഈ വർഷം മുതൽ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ